നം. സി.ഇ.ഇ/2593/2006/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## മെഡിക്കൽ - എൻജിനീയറിംഗ് അലോട്ട്മെന്റ് - 2007

**സർക്കാർ ഉത്തരവ് (എം.എസ്.)നം.109/2007/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം, തീയതി: 10.08.2007**

2007 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് നടപടികൾ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃരാരംഭിച്ചിരുന്നു. ഇപ്രകാരം ആഗസ്റ്റ് 16 മുതൽ 30 വരെയുള്ള കാലയളവിൽ വിദ്യാർത്ഥികൾ സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് **01.09.2007** - ന് പ്രസിദ്ധീകരിച്ചു. "**http://www.cee.kerala.gov.in**" എന്ന വെബ്സൈറ്റിൽ വിദ്യാർത്ഥിയ്ക്ക് ലഭിച്ച കോഴ്സ്, കോളേജ്, അടയ്ക്കേണ്ട ഫീസ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാണ്. ഈ അലോട്ട്മെന്റ് പ്രകാരം ഫീസ്/ക്വാഷൻ ഡെപ്പോസിറ്റ് അടയ്ക്കേണ്ട വിദ്യാർത്ഥികൾ **സെപ്റ്റംബർ 4, 5, 6 തീയതികളിൽ കാനറാ ബാങ്കിന്റെ തെരെഞ്ഞെടുക്കപ്പെട്ട ശാഖകളിലൊന്നിൽ** തുക അടയ്ക്കേണ്ടതാണ്. വിവിധ മെഡിക്കൽ/അഗ്രിക്കൾച്ചറൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, **സെപ്റ്റംബർ 10 മുതൽ 12 വരെ** നിശ്ചിത കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന വിവിധ എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ താഴെ പറഞ്ഞിരിക്കുന്ന ദിവസ/സമയക്രമമനുസരിച്ച് നിശ്ചിത കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

**സെപ്റ്റംബർ 10 (തിങ്കൾ)**

രാവിലെ 9 മണി : ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (**EC**), ഡയറി സയൻസ് (**DS**), അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് (**AG**)

ഉച്ചയ്ക്ക് 1 മണി : സിവിൽ എഞ്ചിനീയറിംഗ് (**CE**), ഇൻസ്ട്രമെന്റേഷൻ & കൺട്രോൾ (**IC**), ബയോമെഡിക്കൽ എഞ്ചിനീയറിംഗ് (**BM**)

**സെപ്റ്റംബർ 11 (ചൊവ്വ)**

രാവിലെ 9 മണി : മെക്കാനിക്കൽ എഞ്ചിനീയറിംഗ് (**ME**), ബയോ ടെക്നോളജി (**BT**), മെക്കാനിക്കൽ പ്രൊഡക്ഷൻ (**MP**)

ഉച്ചയ്ക്ക് 1 മണി : ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് (**IE**), കമ്പ്യൂട്ടർ സയൻസ് (**CS**), പ്രൊഡക്ഷൻ പ്ലാന്റ് (**PP**), മെക്കാനിക്കൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് (**MA**), ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് (**AU**)

**സെപ്റ്റംബർ 12 (ബുധൻ)**

രാവിലെ 9 മണി : ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (**EE**), അപ്ലൈഡ് ഇലക്ട്രോണിക്സ് (**AE**), ഇലക്ട്രോണിക്സ് & ഇൻസ്ട്രമെന്റേഷൻ (**EI**), പ്രിന്റിംഗ് ടെക്നോളജി (**PT**)

ഉച്ചയ്ക്ക് 1 മണി : ഇൻഫർമേഷൻ ടെക്നോളജി (**IT**), കെമിക്കൽ എഞ്ചിനീയറിംഗ് (**CH**), പോളിമർ എഞ്ചിനീയറിംഗ് (**PO**), ആർക്കിടെക്ച്ചർ (**AR**)

നിശ്ചിത തീയതിയിലും സമയത്തും പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദുചെയ്യുന്നതാണ്. പ്രവേശനത്തിന് യാതൊരു കാരണവശാലും കൂടുതൽ സമയം അനുവദിക്കുന്നതല്ല.

**എല്ലാ കോഴ്സുകളിലേയ്ക്കുമുള്ള ക്ലാസുകൾ 13.09.2007 നു തുടങ്ങും.**

നിശ്ചിത തീയതിയ്ക്കുള്ളിൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവരുടെ അഡ്മിഷൻ റദ്ദുചെയ്യാവുന്നതാണ്. ഇതിനായി വിദ്യാർത്ഥികൾ "cee-kerala.org", "cee.kerala.gov.in" എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കുന്ന (**12.09.2007 മുതൽ)** അപേക്ഷാഫോറത്തിന്റെ മാതൃക ഡൗൺലോഡ് ചെയ്ത്, പൂരിപ്പിച്ച് പ്രവേശനം ലഭിച്ച കോളേജിലെ പ്രിൻസിപ്പലിന്റെ ശുപാർശയോടുകൂടി **പ്രവേശന പരീക്ഷാ കമ്മീഷണർക്ക് 15.09.2007 (ശനിയാഴ്ച) 5 മണിയ്ക്ക് മുമ്പായി** സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അഡ്മിഷൻ റദ്ദുചെയ്യുന്ന വിദ്യാർത്ഥിയുടെ ബന്ധപ്പെട്ട സ്ട്രീമിലെ എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദുചെയ്യുന്നതാണ്.



തിരുവനന്തപുരം

01-09-2007

**പ്രവേശന പരീക്ഷാ കമ്മീഷണർ**